**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2792** **28-02-2023 - ൽ മറുപടിയ്ക്ക്**

**ജണ്ട നിർമ്മാണം സംബന്ധിച്ച ക്രമക്കേടുകളിൽ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പ് ജണ്ട നിർമ്മിച്ചത് സംബന്ധിച്ച ക്രമക്കേടുകൾ അന്വേഷിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരാണെന്ന് വ്യക്തമാക്കുമോ; | (എ) | വനം വിജിലൻസ് വിഭാഗം ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ) കോഴിക്കോട്/ കോട്ടയം എന്നിവരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഫ്ളയിംങ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർ വിശദമായ അന്വേഷണം നടത്തി വരുന്നുണ്ട്. കൂടാതെ ബന്ധപ്പെട്ട സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരും അന്വേഷണവും, വെരിഫിക്കേഷനും തുടർനടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | വനം വകുപ്പ് ജണ്ട നിർമ്മിച്ചത് സംബന്ധിച്ച ക്രമക്കേടുകളിൽ അന്വേഷണം ആരംഭിച്ചത് എന്നാണ്; അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; സമയപരിധി നിശ്ചയിച്ച് അന്വേഷണം പൂർത്തീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | 21.12.2021 മുതലാണ് ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണങ്ങൾ ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ) കോഴിക്കോട്/ കോട്ടയം എന്നിവരുടെ നേതൃത്വത്തിൽ ആരംഭിച്ചത്. പ്രസ്തുത അന്വേഷണം സംബന്ധിച്ച റിപ്പോർട്ട് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ) കോഴിക്കോട്/ കോട്ടയം എന്നിവർ സമർപ്പിച്ചിട്ടുള്ളതും ആയത് പരിശോധിച്ച് സമയപരിധി നിശ്ചയിച്ച് കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടി അടക്കമുള്ള ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതിനായി ടെറിറ്റോറിയൽ/ വൈൽഡ് ലൈഫ് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് കൈമാറുന്നതിന് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ) കോഴിക്കോട്/ കോട്ടയം എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പാലോട് റെയിഞ്ചിൽ പെരിങ്ങമല സെക്ഷനിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് കുറ്റക്കാരായി കണ്ടെത്തിയ ശ്രീ. ബി. അജിത്കുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പെരിങ്ങമല സെക്ഷനിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ. ആർ. ബി. അരുൺ കുമാർ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട സർക്കാർ നഷ്ടമായ 801035/-രൂപ |

| | | | |
|---|---|---|---|
| | | | ഉത്തരവാദികളായ ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനും ആവശ്യമായ ശുപാർശ വനം വകുപ്പിലെ ഭരണ വിഭാഗത്തിന് വിജിലൻസ് വിഭാഗം കൈമാറിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്മാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനായി കഠിന ശിക്ഷയുള്ള കുറ്റപത്രം/ കുറ്റാരോപണ പത്രിക തയ്യാറാക്കിയിട്ടുള്ളതാണെന്നും സർക്കാർ അംഗീകാരം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) -ഉം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ